# ജന്മാന്തരങ്ങൾക്ക് ശേഷം...

**ആഗോളതലത്തിൽ ആഘോഷിക്കപ്പെട്ട *ഏൻഷ്യൻറ് പ്രോമിസസ്, ആഫ്റ്റർവേഡ്സ്* എന്നീ കൃതികളിലൂടെ ലോകസാഹിത്യഭൂപടത്തിലിടം നേടിയ *ജയ്ശ്രീ മിശ്ര* ഝാൻസി റാണിയെപ്പറ്റിയുള്ള നോവലിന്റെ പണിപ്പുരയിലാണ്. *കന്യകയ്ക്കായി* അവരനുവദിച്ച ഇൻറർനെറ്റ് അഭിമുഖത്തിൽനിന്ന്.**

*"സുരേഷിൻെറ കണ്ണിലെ ഭാവം മാറിമറിഞ്ഞു. അദ്ദേഹത്തിൻെറ ചുമലിൽ വരുമെന്ന് കരുതിയ തെറ്റുകളുടെ പൊങ്ങാച്ചുമട്, ഞാനെൻെറ ചുമലിലേക്ക് സ്വമേധയാ എടുത്തുമാറ്റിയതിൻെറ ആശ്വാസം. ഇനി ഞാനല്ല, സുരേഷാണ് മുറിവേറ്റയാൾ. എൻെറ കൈയിലല്ല, ഇനി കാര്യങ്ങൾ, സുരേഷിൻെറ കൈകളിലാണ്. ഇനി അദ്ദേഹത്തിന് കുറ്റബോധം തോന്നേണ്ട കാര്യമില്ല. സുരേഷിന് എന്തുകൊണ്ടാണ് ലൈംഗികതലത്തിൽ അസൂയ തോന്നാതിരുന്നത് എന്ന് പിന്നീട് പലപ്പോഴും ഞാൻ അത്ഭുതപ്പെട്ടു.*

*അർജ്ജുനും ഞാനും പ്രണയാതിരേകത്തോടെ ഒന്നായിത്തീർന്ന ആ ഉച്ച നേരത്തെക്കുറിച്ച് ഞാൻ പ്രത്യേകിച്ചൊന്നും പറഞ്ഞില്ലെങ്കിലും സുരേഷ് ഊഹിച്ചിട്ടുണ്ടാവുമോ? അതേക്കുറിച്ചെല്ലാം? ദേഷ്യവും നാണക്കേടുംകൊണ്ട് കണ്ണു കാണാതാവും. സുരേഷെന്നെ എന്നെന്നേയ്ക്കുമായി സ്വന്തം ജീവിതത്തിൽ നിന്ന് പുറത്താക്കും, എന്നെ പലപ്പാട്ട് കൊണ്ട് ചെന്നിറക്കി, നിൻെറ വസ്തുവകകളെല്ലാം കെട്ടിപ്പെറുക്ക് എന്ന് എന്നോട് ഉത്തരവിട്ട്, ക്ഷമിച്ചു ശീലമില്ലാത്ത അവിടത്തെ തെരുവിലേക്ക് എന്നേയും റിയയേയും വലിച്ചെറിയും, പിന്നെ ഞങ്ങൾ പരസ്പരം കാണുക, സിനിമകളിൽ സംഭവിക്കാറുള്ളപോലെ, കോടതിമുറികളിൽവച്ചാവും. അങ്ങനെയെല്ലാമാണ് ഞാൻ കരുതിയത്.*

**ജയ്ശ്രീമിശ്ര**
***ജന്മാന്തരവാഗ്ദാനങ്ങൾ***



ചിത്രങ്ങൾ- 'ഡി'